**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3228** **08-10-2025 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ-പൂത്തോട്ട റോഡ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ-പൂത്തോട്ട റോഡ് നാലു വരിയാക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | എസ്.എൻ.ജംഗ്ഷൻ പൂത്തോട്ട റോഡ്-നാലുവരിപ്പാത വികസനത്തിന് 300 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായി 450 കോടി രൂപയുടെ സാമ്പത്തിക അനുമതിയും നൽകിയിരുന്നു. പദ്ധതിയ്ക്കാവശ്യമായ അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് പൊതുമരാമത്ത് വകുപ്പ് എറണാകുളം നിരത്ത് വിഭാഗം KRFB-യ്ക്ക് പ്രസ്തുത പദ്ധതി കൈമാറിയിരുന്നു. തുടർന്ന് പൊന്നുംവില നടപടികൾ ആരംഭിക്കുകയും 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും സാമൂഹികപ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 7.9836 ഹെക്ടർ ഭൂമിയേറ്റെടുക്കുന്നതിനായി കേരള ഗസറ്റിൽ 11 (1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബസ് ബേ, ജംഗ്ഷൻ വികസനം എന്നിവ കൂടി ഉൾപ്പെടുത്തി കെ. ആർ. എഫ്. ബി.-പി. എം. യു., എറണാകുളം/ തൃശ്ശൂർ കാര്യാലയത്തിൽ നിന്നും അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ ഭൂമിയേറ്റെടുക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (ബി) | ഈ പദ്ധതിക്കായി മുൻ നിശ്ചയിച്ചതിനേക്കാൾ കൂടുതൽ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്ഥലമാണ് ഇപ്രകാരം ഏറ്റെടുക്കാൻ നിശ്ചയിച്ചതെന്ന് അറിയിക്കാമോ; | (ബി) | നിരത്ത് വിഭാഗം കൈമാറിയ അലൈൻമെന്റിൽ ചില സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തിയില്ല എന്നതിനാൽ വിട്ടുപോയിട്ടുള്ളതും ബസ് ബേയ്ക്ക് ആവശ്യമായി വരുന്നതുമായ 5.2164 ഹെക്ടർ ഭൂമി നിലവിലെ ഭൂമിയോടൊപ്പം കൂട്ടിച്ചേർക്കാനുണ്ട്. ഈ സർവ്വേ നമ്പറുകളിൽ സാമൂഹികപ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തേണ്ട ആവശ്യകത ഉള്ളതിനാൽ കേരള ഗസറ്റിൽ 4 (1) വിജ്ഞാപനം (കൂട്ടിച്ചേർക്കൽ) പ്രസിദ്ധീകരിച്ചിരുന്നു. മേൽ പ്രവൃത്തിയുടെ ഭൂമിയേറ്റെടുക്കൽ പ്രവൃത്തികൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ കിഫ്ബി, യൂണിറ്റ് 2. അങ്കമാലി കാര്യാലയത്തിൽ നിന്ന് പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനും മറ്റും കിഫ്ബിയിൽ നിന്നും ഫണ്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിയ്ക്കായി 450 കോടി രൂപയുടെ ഭൂമിയേറ്റെടുക്കലിനുള്ള സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ഭൂമിയേറ്റെടുക്കൽ പ്രവൃത്തികൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ. കിഫ്ബി, യൂണിറ്റ് 2, അങ്കമാലി കാര്യാലയത്തിൽ നിന്നും പുരോഗമിക്കുന്നു. |
| (ഡി) | സർവ്വേയർമാരുടെ അഭാവം നിമിത്തം പ്രസ്തുത പദ്ധതിക്കായി സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുണ്ടോ; കൂടുതൽ സർവ്വേയർമാരെ നിയമിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; | (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി 450 കോടി രൂപയുടെ ഭൂമിയേറ്റെടുക്കലിനുള്ള സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ഭൂമിയേറ്റെടുക്കൽ പ്രവൃത്തികൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ. കിഫ്ബി, യൂണിറ്റ് 2, അങ്കമാലി കാര്യാലയത്തിൽ നിന്നും പുരോഗമിക്കുന്നു. |
| (ഇ) | എന്നത്തേക്ക് പ്രസ്തുത പദ്ധതി ആരംഭിക്കാൻ സാധിക്കുമെന്നും എന്നത്തേക്ക് പദ്ധതി പൂർത്തിയാക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (ഇ) | പ്രസ്തുത പദ്ധതിയ്ക്കായി 450 കോടി രൂപയുടെ ഭൂമിയേറ്റെടുക്കലിനുള്ള സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ഭൂമിയേറ്റെടുക്കൽ പ്രവൃത്തികൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ. കിഫ്ബി, യൂണിറ്റ് 2, അങ്കമാലി കാര്യാലയത്തിൽ നിന്നും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ